"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- നഗരകാര്യ വകുപ്പ്- കൽപ്പറ്റ നഗരസഭയിലെ സീനിയർ ക്ലർക്ക് ശ്രീ. അബ്ദുൾ സലാം.കെ.-യുടെ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷ - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.332/2023/LSGD തീയതി,തിരുവനന്തപുരം, 04-02-2023

---

പരാമർശം:-

1. കൽപ്പറ്റ നഗരസഭയിലെ സീനിയർ ക്ലർക്ക് ശ്രീ. അബ്ദുൾ സലാം.കെ. സമർപ്പിച്ച മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷ.
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 18.05.2022 തീയതിയിലെ എം.ആർ.1/3254/2022 നമ്പർ കത്ത്.
3. നഗരകാര്യഡയറക്ടറുടെ 27.06.2022 തീയതിയിലെ ഡിസി5- 8796/2021 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കൽപ്പറ്റ നഗരസഭയിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. അബ്ദുൾ സലാം.കെ., കിഡ്നി സംബന്ധമായ അസുഖത്തിന് കോഴിക്കോട് സ്റ്റാർ കെയർ ഹോസ്പിറ്റലിൽ ചികിത്സ നടത്തിയതിന് ചെലവായ തുക (1,73,213/-രൂപ) മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റായി അനുവദിക്കുന്നതിലേയ്ക്ക് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ, ടിയാൻ ചികിത്സ തേടിയ ആശുപത്രി സർക്കാർ അംഗീകൃത പാനലിൽ ഉൾപ്പെടാത്തതിനാൽ, ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരാമർശം (2 ) കത്തിന്റെയടിസ്ഥാനത്തിൽ, സർക്കാരിന്റെ പ്രത്യേകാനുമതിക്ക് ശുപാർശ ചെയ്ത് പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടർ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം കൽപ്പറ്റ നഗരസഭയിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. അബ്ദുൾ സലാം.കെ.-യുടെ കിഡ്നി സംബന്ധമായ അസുഖത്തിന് കോഴിക്കോട് സ്റ്റാർ കെയർ ഹോസ്പിറ്റലിൽ ചികിത്സ നടത്തിയതിന് ചെലവായ തുകയിൽ, ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരിശോധനയ്ക്ക് ശേഷം അനുവദനീയമെന്ന് സാക്ഷ്യപ്പെടുത്തുന്ന തുകയുടെ 80%, റീ ഇംബേഴ്സ്മെന്റ് ആയി കൽപ്പറ്റ നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് പ്രതിപൂരണം ചെയ്ത് നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ (അർബൻ)ന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ (അർബൻ), തിരുവനന്തപുരം (മെഡിക്കൽ ബില്ലുകൾ ഉൾപ്പെടെ).
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കൽപ്പറ്റ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ശ്രീ. അബ്ദുൾ സലാം.കെ., സീനിയർ ക്ലാർക്ക്, കൽപ്പറ്റ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന).
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ.ഉ.(സാധാ) നം.332/2023/LSGD

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 04-02-2023 15:08:57
സെക്ഷൻ ഓഫീസർ